# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1884 04.05.2017- ൽ മറുപടിക്ക്

## "സ്റ്റാൻഡ് അപ് ഇന്ത്യാ സ്കീം"

**ചോദ്യം**

ശ്രീ.പി.സി. ജോർജ്

**ഉത്തരം**

ശ്രീ. എ.സി.മൊയ്തീൻ
(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| എ) | വനിതകളെയും എസ്.സി./ എസ്.റ്റി. വിഭാഗക്കാരെയും സഹായിക്കുന്നതിനായി കേന്ദ്ര ഗവൺമെന്റിന്റെ സ്റ്റാൻഡ് അപ് ഇന്ത്യാ സ്കീം സംസ്ഥാനത്ത് നടപ്പിലാക്കി വരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്റെ ഗുണഭോക്താവ് ആകുന്നതിലേയ്ക്ക് എന്തൊക്കെ കാര്യങ്ങൾ ചെയ്യണമെന്ന് വിശദമാക്കാമോ; | എ) | ഉണ്ട്. സ്റ്റാൻഡ് അപ് ഇന്ത്യ പദ്ധതി പ്രകാരം ഗുണഭോക്താവാകുന്നത് താഴെപറയുന്നവരാണ്.<br>1) 18 വയസ്സിന് മുകളിൽ പ്രായമുള്ള പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്നവർ അല്ലെങ്കിൽ വനിതകളായിട്ടുള്ള സംരംഭകർ.<br>2) ഗുണഭോക്താവിന്റെ ഫസ്റ്റ് ടൈം വെഞ്ചർ ആയിരിക്കും ലോണിനുള്ള അർഹത.<br>3) ഒരാളിന്റെ ഉടമസ്ഥതയിൽ അല്ലാത്ത കേസുകളിൽ 51% ഷെയർ ഹോൾഡിംഗും കൺട്രോളിംഗ് സ്റ്റേക്കും പട്ടികജാതി, പട്ടികവർഗ്ഗ സംരംഭകർക്ക് അല്ലെങ്കിൽ വനിതാ സംരംഭകർക്ക് ആയിരിക്കണം. വായ്പ എടുക്കുന്ന ആൾ ഏതെങ്കിലും ബാങ്കുകളിൽ അല്ലെങ്കിൽ ധനകാര്യ സ്ഥാപനങ്ങളിൽ കുടിശ്ശികക്കാരനായിരിക്കരുത്. |
| ബി) | ഈ സ്കീമിൽ ലോൺ ലഭിക്കുന്നതിനായി ഡിപ്പാർട്ട്മെന്റ് ഓഫ് ഇൻഡസ്ട്രിയൽ പോളിസി ആന്റ് പ്രൊമോഷനിൽ (ഡി.ഐ.പി.പി) പ്രോജക്ട് രജിസ്റ്റർ ചെയ്യണമെന്ന നിബന്ധന ഉള്ളതിനാൽ പ്രസ്തുത രജിസ്ട്രേഷന്റെ മാർഗ്ഗങ്ങൾ/ സംവിധാനം എന്തെന്ന് വിശദമായി വെളിപ്പെടുത്തുമോ; | ബി) | www.Standupmithra.in എന്ന വെബ്സൈറ്റ് മുഖേനയും ബ്രാഞ്ച് മാനേജർ മുഖേനയും, ലീഡ് ഡിസ്ട്രിക്ട് മാനേജർ (LDM) മുഖേനയും ഓൺലൈൻ ആയി വായ്പയ്ക്ക് അപേക്ഷ നൽകാവുന്നതാണ്. അതിനുവേണ്ടി രജിസ്റ്റർ ചെയ്യാനുള്ള ഓപ്ഷൻ പ്രസ്തുത വെബ്സൈറ്റിൽ തന്നെ ലഭ്യമാണ്. |
| സി) | കേരളത്തിലെ ഏതൊക്കെ ബാങ്കുകളാണ് സ്റ്റാൻഡ് അപ് ഇന്ത്യാ സ്കീമിൽ ലോൺ കൊടുക്കുന്നതെന്ന് | സി) | പൊതുമേഖലാ വാണിജ്യ ബാങ്കുകൾ, സ്വകാര്യ മേഖലാ വാണിജ്യ ബാങ്കുകൾ തുടങ്ങിയവ മുഖേന ഈ പദ്ധതി പ്രകാരം വായ്പ ലഭ്യമാണ്. |

| | | | |
|---|---|---|---|
| | കണ്ടെത്തിയിട്ടുണ്ടോ; | | |
| ഡി) | ലോൺ വേഗത്തിൽ ലഭിക്കുന്നതിന് പ്രസ്തുത ലോൺ സംരംഭകരെ സഹായിക്കുവാൻ വ്യവസായ വകുപ്പിന് സാധിക്കുമോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ? | ഡി) | സംരംഭകന്റെ പരിജ്ഞാനത്തിന്റെയും കഴിവിന്റെയും അടിസ്ഥാനത്തിൽ വിജയകരമായി നടത്തുന്ന പദ്ധതികൾ കണ്ടെത്താനും, അതിനനുസൃതമായി പ്രോജക്റ്റ് റിപ്പോർട്ട് തയ്യാറാക്കി ധനകാര്യ സ്ഥാപനത്തിലേയ്ക്ക് ശുപാർശ നൽകാനും വ്യവസായ വകുപ്പിലെ ഉദ്യോഗസ്ഥരെ സമീപിച്ചാൽ എല്ലാവിധത്തിലുള്ള സഹായങ്ങളും ചെയ്തുകൊടുക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**